# വിശ്വാസപരിശീലന വാർഷിക പദ്ധതി

I സെമസ്റ്റർ, പരീക്ഷ, സിലബസ്

A. സെമസ്റ്റർ

B. സിലബസ്

C. പരീക്ഷ

II പാഠ്യക്രമം വിശദീകരണം– ക്ലാസടിസ്ഥാനത്തിൽ

A. 1, 2, 3 ക്ലാസുകൾ

B. 4, 5, 6, 7, 8, 9 ക്ലാസുകൾ

C. ക്ലാസ് 10 (സർട്ടിഫിക്കറ്റ് പരീക്ഷ)

D. XI & XII ഡിപ്ലോമ കോഴ്സ്

E. ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്

# വിശ്വാസപരിശീലന വാർഷിക പദ്ധതി

## I. സെമസ്റ്റർ, പരീക്ഷ, സിലബസ്

## A. സെമസ്റ്റർ

ഏതാണ്ട് ഒൻപതുമാസം നീണ്ടുനിൽക്കുന്ന വിശ്വാസപരിശീലന ക്ലാസുകൾ രണ്ടു സെമസ്റ്ററുകളിലായിട്ടാണ് നടത്തപ്പെടുന്നത്.

**ഒന്നാം സെമസ്റ്റർ** (I-XII ക്ലാസുകൾ)**: 2025 ജൂൺ 01 – 2025 നവംബർ 02**

**രണ്ടാം സെമസ്റ്റർ** (I-IX ക്ലാസുകൾ)**: 2025 നവംബർ 09 – 2026 ഫെബ്രുവരി 22**

**രണ്ടാം സെമസ്റ്റർ** (X,XI,XII ക്ലാസുകൾ)**: 2025 നവംബർ 09 – 2026 ജനുവരി 25**

### 1. സമയക്രമം

വിശ്വാസപരിശീലനത്തിനായി അദ്ധ്യാപനസമയം ഒന്നര മണിക്കൂർ എങ്കിലും ഉണ്ടായിരിക്കണം. ക്ലാസിനിടയ്ക്ക് 5-10 മിനിറ്റെങ്കിലും ഇന്റർവെൽ കൊടുക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളുടെ കുർബാനയും ക്ലാസുകളും രാവിലെ 8.30-ന് മുമ്പ് നടത്താൻ പാടു ള്ളതല്ല.

വിശ്വാസപരിശീലന ക്ലാസുകൾ കുർബാനയോടെ ആരംഭിക്കുന്ന താണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. ക്ലാസുകൾക്കുശേഷം കുർ ബാന വയ്ക്കുന്നതു പൊതുവേ പ്രോത്സാഹിപ്പിക്കുന്നില്ല. കുർബാന യ്ക്കു മുമ്പ് ദീർഘസമയമുള്ള പ്രഭാഷണങ്ങളും ക്ലാസുകളും ഒഴിവാ ക്കുക. കാഴ്ചസമർപ്പണം ഉണ്ടെങ്കിൽ സമൂഹപ്രാർത്ഥനയ്ക്കുശേഷം നടത്തുക. കാഴ്ചസമർപ്പണം പണമായി നൽകുവാൻ എല്ലാവരേയും നിർബന്ധിക്കാതിരിക്കുക. കാഴ്ചസമർപ്പണം വഴി ലഭിക്കുന്ന തുക കുട്ടികളെ അറിയിക്കുന്നത് ഉചിതമാണ്. ഈ തുക ഇടവകയിലെ വിശ്വാസപരിശീലന കാര്യങ്ങൾക്ക് വിനിയോഗിക്കുമല്ലോ.

ഞായറാഴ്ച ദിവസങ്ങളിൽ ഇടവകകളിൽ ഉച്ചയ്ക്കു 12 മണിക്കുശേഷം മാത്രമേ വിവാഹവും മറ്റു കർമ്മങ്ങളും നടത്തിക്കൊടുക്കുവാൻ പാടുള്ളൂ എന്നതാണ് അതിരൂപതാ നിർദ്ദേശം. ക്ലാസുകൾക്ക് മുടക്കമോ കുട്ടിക ൾക്കു ശല്യമോ വരാതിരിക്കാനാണ് ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നത്. (Cf. *അതിരൂപതാ നിയമസംഹിത* 126: VIII).

## B. സിലബസ്

**1. പാഠഭാഗം:** സീറോമലബാർ സഭ വിശ്വാസപരിശീലന കമ്മീ ഷൻ പ്രസിദ്ധീകരിച്ച 'രക്ഷയുടെ പാതയിൽ' എന്ന പാഠാവലിയിലെ പുസ് തകങ്ങളാണ് 1 മുതൽ 12 വരെയുള്ള മലയാളം മീഡിയം ക്ലാസു കളിലും, ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലും പഠിക്കുവാനുള്ളത്. ഈ വർഷം പഠിപ്പിക്കേണ്ട പാഠങ്ങൾ പാഠ്യക്രമം വിശദീകരണം- ക്ലാസടിസ്ഥാനത്തിൽ എന്ന ഭാഗത്ത് നൽകിയിട്ടുണ്ട്. പേജ് 31 മുതൽ

കാണുക. Optionals–ആയി നൽകിയിട്ടുള്ള പാഠങ്ങളിൽ നിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ആ പാഠങ്ങൾ ക്ലാസുകളിൽ പഠിപ്പിക്കണം.

**2. ഉപപാഠപുസ്തകം:** 4 മുതൽ 9 വരെ ക്ലാസ്സുകൾക്കാണ് ഉപപാഠപുസ്തകങ്ങൾ ഉള്ളത്. ഇവ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഈ വർഷം ഉപപാഠപുസ്തകങ്ങൾ രണ്ട് സെമസ്റ്ററുകളിലായി പഠിപ്പിക്കേണ്ടതാണ്. പരീക്ഷകൾക്ക് ഇതിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സിലബസ് പേജ് 33,34 കാണുക.

**3. നമസ്കാരങ്ങൾ:** ഈ വർഷം ഓരോ ക്ലാസിലും പ്രത്യേകം പഠിക്കേണ്ട നമസ്കാരങ്ങൾ ക്ലാസ് അടിസ്ഥാനത്തിലുള്ള സിലബസിൽ നൽകിയിട്ടുണ്ട്. നമസ്കാരങ്ങളും ജപമാലകളും മറ്റു ജപങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. താഴെയുള്ള ക്ലാസിൽ പഠിച്ച നമസ്കാരങ്ങൾ (ഉദാ. മൂന്നാം ക്ലാസിൽ) മുകളിലുള്ള ക്ലാസിൽ (ഉദാ. നാലാം ക്ലാസ്) എത്തിയാലും അറിഞ്ഞിരിക്കണം.

1. കുരിശടയാളം
2. ത്രിത്വസ്തുതി
3. സ്വർഗ്ഗസ്ഥനായ പിതാവേ
4. നന്മനിറഞ്ഞ മറിയമേ
5. ശ്ലീഹന്മാരുടെ വിശ്വാസ പ്രമാണം, നിഖ്യാവിശ്വാസപ്രമാണം (കുർബാനപുസ്തകത്തിലേതു പോലെ)
6. കുമ്പസാരത്തിനുള്ള ജപം
7. ത്രിസന്ധ്യാജപങ്ങൾ
8. പരിശുദ്ധ രാജ്ഞി
9. ദൈവകൽപനകൾ
10. തിരുസഭയുടെ കൽപനകൾ
11. കൂദാശകൾ
12. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ
13. പരിശുദ്ധ കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ
14. വിശ്വാസപ്രകരണം
15. പ്രത്യാശപ്രകരണം
16. സ്നേഹപ്രകരണം
17. മനസ്താപപ്രകരണം
18. കാരുണ്യപ്രവൃത്തികൾ
19. മനുഷ്യന്റെ അന്ത്യങ്ങൾ
20. സുവിശേഷഭാഗ്യങ്ങൾ
21. സത്യസഭയുടെ ലക്ഷണങ്ങൾ
22. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും
23. മൗലിക സുകൃതങ്ങൾ
24. ബർണ്ണാർദു പുണ്യവാന്റെ ജപം
25. പ്രധാന പുണ്യപ്രവൃത്തികൾ
26. പരിശുദ്ധാരൂപിയുടെ ദാനങ്ങൾ
27. പരിശുദ്ധാരൂപിയുടെ ഫലങ്ങൾ
28. പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ
29. ദൈവത്തിന്റെ ലക്ഷണങ്ങൾ
30. ദൈവിക പുണ്യങ്ങൾ
31. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ
32. സുവിശേഷത്തിലെ വിശിഷ്ട ഉപദേശങ്ങൾ.
33. അരൂപിക്കടുത്ത ദിവ്യകാരുണ്യ സ്വീകരണം

**4. പൊതുവിജ്ഞാനം:** അതിരൂപതയുടെ പ്രസിദ്ധീകരണമായ സത്യദീപം, ഈ വർഷത്തെ വിശ്വാസപരിശീലനവർഷ ആപ്തവാക്യം, ലോഗോയുടെ വിശദീകരണം എന്നിവയിൽ നിന്നുമായിരിക്കും സെമസ്റ്റർ പരീക്ഷയ്ക്ക് പൊതുവിജ്ഞാന ചോദ്യങ്ങൾ ഉണ്ടായിരിക്കുക. 2025 ജൂൺ മാസം മുതൽ ഓരോ പരീക്ഷയുടെയും രണ്ടാഴ്ച മുമ്പുവരെയുള്ള സത്യദീപങ്ങളിൽ വന്നിട്ടുള്ള പൊതുകാര്യങ്ങളാണ് സത്യദീപത്തിലെ ചോദ്യങ്ങളിൽ ഉൾപ്പെടുത്തുക.

കുട്ടികൾ സ്വന്തമാക്കിയിട്ടുള്ള ക്രിസ്തീയ കാഴ്ചപ്പാടുകളും മനോഭാവങ്ങളും വിലയിരുത്തുന്നതിന് സഹായകമായ ഉപന്യാസ ചോദ്യവും പൊതുവിജ്ഞാനത്തിന്റെ ഭാഗമായി ചോദിക്കുന്നതാണ്.

സത്യദീപം വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക, സത്യദീപത്തിന്റെ വരിക്കാരാകാൻ സാഹചര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെയും സഭാവാർത്തകൾ കുട്ടികൾ അറിഞ്ഞിരിക്കണമെന്ന ആഗ്രഹത്തോടെയുമാണ് സത്യദീപത്തിൽനിന്നും ചോദ്യങ്ങൾ ചോദിക്കുന്നത്. എല്ലാ അദ്ധ്യാപകരെങ്കിലും സത്യദീപത്തിന്റെ വരിക്കാരാകാൻ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

പരീക്ഷയ്ക്കുള്ള സാധ്യതാ പൊതുചോദ്യങ്ങൾ catechismernakulam Youtube ചാനലിലൂടെ നൽകുന്നതാണ്.

**5. ബൈബിൾ പഠനം**: ഈ വർഷം 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് പ്രത്യാശയുടെ പ്രാധാന്യം എടുത്തു കാണിക്കുന്ന ബൈബിൾ വചനങ്ങൾ ഓരോ ഞായറാഴ്ചത്തേയ്ക്കുമായി നൽകുന്നു. കുട്ടികൾ കുടുംബത്തോടൊപ്പം ഈ വചനങ്ങൾ പഠിക്കുകയും കുടുംബങ്ങളിലും ക്ലാസുകളിലും ഈ വചനം ധ്യാനചിന്തകളാക്കുകയും ചെയ്യാവുന്നതാണ്.

| | | | |
|---|---|---|---|
| ജൂൺ | 01-06-2025 | നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. | യോഹന്നാൻ 14:1 |
| | 08-06-2025 | കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ; കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ. | സങ്കീർത്തനങ്ങൾ 27:14 |
| | 15-06-2025 | മനസ്സാക്ഷി കുറ്റപ്പെടുത്താത്തവനും പ്രത്യാശ കൈവെടിയാത്തവനും ഭാഗ്യവാൻ. | പ്രഭാഷകൻ 14:2 |
| | 22-06-2025 | കർത്താവേ, അങ്ങാണ് എന്റെ പ്രത്യാശ; ചെറുപ്പം മുതൽ അങ്ങാണ് എന്റെ ആശ്രയം. | സങ്കീർത്തനങ്ങൾ 71:5 |

| | | | |
|---|---|---|---|
| ജൂൺ | 29-06-2025 | കർത്താവിൻറെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയ താണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്. | വിലാപങ്ങൾ 3:22-23 |
| ജൂലൈ | 06-07-2025 | പ്രത്യാശയിൽ സന്തോഷി ക്കുവിൻ; ക്ലേശങ്ങളിൽ സഹന ശീലരായിരിക്കുവിൻ; പ്രാർഥന യിൽ സ്ഥിരതയുള്ളവരായിരി ക്കുവിൻ. | റോമാ 12:12 |
| | 13-07-2025 | പ്രത്യാശയുള്ളതുകൊണ്ട് നിനക്ക് ആത്മവിശ്വാസം ഉണ്ടാകും. നീ സംരക്ഷിക്കപ്പെ ടുകയും സുരക്ഷിതനായി വിശ്രമിക്കുകയും ചെയ്യും. | ജോബ് 11:18 |
| | 20-07-2025 | ദൈവത്തിൽ മാത്രമാണ് എനിക്കാശ്വാസം. അവിടുന്നാണ് എനിക്കു പ്രത്യാശ നൽകുന്നത്. | സങ്കീർത്തനങ്ങൾ 62:5 |
| | 27-07-2025 | ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടി യാലും ക്ഷീണിക്കുകയില്ല; നട ന്നാൽ തളരുകയുമില്ല. | ഏശയ്യാ 40:31 |
| ആഗസ്റ്റ് | 03-08-2025 | നമ്മോടു വാഗ്ദാനം ചെയ്തിരി ക്കുന്നവൻ വിശ്വസ്തനാകയാൽ നമ്മുടെ പ്രത്യാശ ഏറ്റുപറയുന്ന തിൽ നാം സ്ഥിരതയുള്ളവരാ യിരിക്കണം. | ഹെബ്രായർ 10:23 |
| | 10-08-2025 | കർത്താവിൽ ആശ്രയിക്കുക. അവിടുന്ന് നിന്നെ സഹായിക്കും. നേരായ മാർഗത്തിൽ ചരിക്കുക; കർത്താവിൽ പ്രത്യാശ അർപ്പിക്കുക. | പ്രഭാഷകൻ 2:6 |
| | 17-08-2025 | യാക്കോബിൻെറ ദൈവം തുണയായിട്ടുള്ളവൻ, തൻെറ ദൈവമായ കർത്താവിൽ പ്രത്യാശ വയ്ക്കുന്നവൻ, ഭാഗ്യവാൻ. | സങ്കീർത്തനങ്ങൾ 146:5 |

| | | | |
|---|---|---|---|
| ആഗസ്റ്റ് | 24-08-2025 | നിങ്ങൾ മാനസികമായി ഒരുങ്ങി സമചിത്തതയുള്ളവരായിരിക്കുവിൻ. യേശുക്രിസ്തുവിൻെറ പ്രത്യാഗമനത്തിൽ നിങ്ങൾക്കു ലഭിക്കാനിരിക്കുന്ന കൃപയിൽ പ്രത്യാശയർപ്പിക്കുകയും ചെയ്യുവിൻ. | 1 പത്രോസ് 1:13 |
| | 31-08-2025 | കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ; അവൻെറ പ്രത്യാശ അവിടുന്നുതന്നെ. | ജറെമിയാ 17:7 |
| സെപ്റ്റംബർ | 07-09-2025 | രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല. | ഏശയ്യാ 59:1 |
| | 14-09-2025 | പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു. | റോമാ 5:5 |
| | 21-09-2025 | കണ്ണീരോടെയാണ് അവർ വരുന്നത്; എന്നാൽ ഞാനവരെ ആശ്വസിപ്പിച്ചു നയിക്കും. ഞാൻ അവരെ നീരൊഴുക്കുകളിലേക്കു നയിക്കും. അവരുടെ വഴി സുഗമമായിരിക്കും; അവർക്കു കാലിടറുകയില്ല. | ജറെമിയാ 31:9 |
| | 28-09-2025 | ജ്ഞാനവും പ്രബോധനവും പുച്ഛിച്ചുതള്ളുന്നവൻെറ നില ശോചനീയമാണ്. അവരുടെ പ്രത്യാശ വ്യർഥവും പ്രയത്നം നിഷ്ഫലവുമാണ്. | ജ്ഞാനം 3:11 |
| ഒക്ടോബർ | 05-10-2025 | ദരിദ്രർ എന്നേക്കും വിസ്മരിക്കപ്പെടുകയില്ല; പാവങ്ങളുടെ പ്രത്യാശ എന്നേക്കുമായി അസ്തമിക്കുകയില്ല. | സങ്കീർത്തനങ്ങൾ 9:18 |
| | 12-10-2025 | കർത്താവിനെ ഭയപ്പെടുന്നവൻ അധീരനാവുകയോ ഭീരുത്വം പ്രകടിപ്പിക്കുകയോ ഇല്ല; അവിടുന്നാണ് അവൻെറ പ്രത്യാശ. | പ്രഭാഷകൻ 34:16 |

| | | | |
|---|---|---|---|
| ഒക്ടോബർ | 19-10-2025 | കർത്താവാണ് എൻെറ ഓഹരി. അവിടുന്നാണ് എൻെറ പ്രത്യാശ എന്നു ഞാൻ പറയുന്നു. | വിലാപങ്ങൾ 3:24 |
| | 26-10-2025 | ഇതാ! തന്നെ ഭയപ്പെടുന്നവരെയും തൻെറ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുന്നവരെയും കർത്താവു കടാക്ഷിക്കുന്നു. | സങ്കീർത്തനങ്ങൾ 33:18 |
| നവംബർ | 02-11-2025 | ആ മാതാവാകട്ടെ, സവിശേഷമായ പ്രശംസയും സംപൂജ്യമായ സ്മരണയും അർഹിക്കുന്നു. ഒറ്റദിവസം ഏഴു പുത്രൻമാർ വധിക്കപ്പെടുന്നത് കണ്ടെങ്കിലും, കർത്താവിലുള്ള പ്രത്യാശ നിമിത്തം അവൾ സധൈര്യം അതു സഹിച്ചു. | 2 മക്കബായർ 7:20 |
| | 09-11-2025 | വൃക്ഷത്തിനു പ്രത്യാശയുണ്ട്, മുറിച്ചാൽ അതു വീണ്ടും തളിർക്കും; അതിനു പുതിയ ശാഖകൾ ഉണ്ടാകാതിരിക്കയില്ല. | ജോബ് 14:7 |
| | 16-11-2025 | എൻറെ മക്കളേ, ധൈര്യമായിരിക്കുവിൻ. ദൈവത്തെ വിളിച്ചപേക്ഷിക്കുവിൻ. ശത്രുകരങ്ങളിൽനിന്നും അവരുടെ ശക്തിയിൽനിന്നും അവിടുന്ന് നിങ്ങളെ മോചിപ്പിക്കും. | ബാറൂക്ക് 4:21 |
| | 23-11-2025 | ജനമേ, എന്നും ദൈവത്തിൽ ശരണം വയ്ക്കുവിൻ. അവിടുത്തെ മുൻപിൽ നിങ്ങളുടെ ഹൃദയം തുറക്കുവിൻ. അവിടുന്നാണു നമ്മുടെ സങ്കേതം. | സങ്കീർത്തനങ്ങൾ 62:8 |
| | 30-11-2025 | നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും. | മത്തായി 6:33 |
| ഡിസംബർ | 07-12-2025 | കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു. | റോമാ 5:4 |

| | | | |
|---|---|---|---|
| | 14-12-2025 | കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപെടും. അങ്ങു മാത്രമാണ് എൻെറ പ്രത്യാശ. | ജറെമിയാ 17:14 |
| ഡിസംബർ | 21-12-2025 | ദൈവമേ, അങ്ങ് എന്നെ ഓർമിച്ചിരിക്കുന്നു; അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല. | ദാനിയേൽ 14:38 |
| | 28-12-2025 | ഞാൻ എപ്പോഴും പ്രത്യാശയുള്ളവനായിരിക്കും. അങ്ങയെ മേൽക്കുമേൽ പുകഴ്ത്തുകയും ചെയ്യും. | സങ്കീർത്തനങ്ങൾ 71:14 |
| | 04-01-2026 | കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എൻെറ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി. | ജറെമിയാ 29:11 |
| ജനുവരി | 11-01-2026 | ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ്. | 1 കോറിന്തോസ് 15:19 |
| | 18-01-2026 | ഞങ്ങളാകട്ടെ പരിശുദ്ധാത്മാവിലൂടെ വിശ്വാസംവഴി നീതി ലഭിക്കുമെന്ന പ്രത്യാശയോടെ കാത്തിരിക്കുന്നു. | ഗലാത്തിയാ 5:5 |
| | 25-01-2026 | കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ ചൊരിയണമേ! ഞങ്ങൾ അങ്ങയിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്നു. | സങ്കീർത്തനങ്ങൾ 33:22 |
| ഫെബ്രുവരി | 01-02-2026 | തന്നെ ഭയപ്പെടുകയും തൻെറ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുകയും ചെയ്യുന്നവരിലാണു കർത്താവു പ്രസാദിക്കുന്നത്. | സങ്കീർത്തനങ്ങൾ 147:11 |

| | | | |
|---|---|---|---|
| ഫെബ്രുവരി | 08-02-2026 | വേണ്ട സമയത്തു കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്കു പ്രത്യാശയോടെ കൃപാവരത്തിൻെറ സിംഹാസനത്തെ സമീപിക്കാം. | ഹെബ്രായർ 4:16 |
| | 15-02-2026 | സത്യത്തിൻെറ വചനം എൻെറ അധരങ്ങളിൽ നിന്നു നിശ്ശേഷം എടുത്തുകളയരുതേ! അങ്ങയുടെ കൽപനകളിലാണല്ലോ ഞാൻ പ്രത്യാശ അർപ്പിക്കുന്നത്. | സങ്കീർത്തനങ്ങൾ 119:43 |
| | 22-02-2026 | എൻറെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു, നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശ വയ്ക്കുക; എന്റെ സഹായവും ദൈവവുമായ അവിടുത്തെ ഞാൻ വീണ്ടും പുകഴ്ത്തും. | സങ്കീർത്തനങ്ങൾ 42:11 |

## C. പരീക്ഷ

അതിരൂപതാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഓരോ സെമസ്റ്ററിന്റെയും അവസാനം പരീക്ഷകൾ നടത്തുകയും പരീക്ഷയിൽ **ഉന്നത വിജയം (A+ ഗ്രേഡ്) ലഭിക്കുകയും 90 ശതമാനം ഹാജരും ഉള്ള** കുട്ടികൾക്ക് ഓരോ വർഷവും സ്കോളർഷിപ്പും നൽകുന്നു.

### 1. പരീക്ഷ തീയതികൾ

**ഒന്നാം സെമസ്റ്റർ 2025 നവംബർ 02 ഞായർ** (I-XII) 10.30 A.M. - 12.30 P.M.
**രണ്ടാം സെമസ്റ്റർ 2026 ജനുവരി 25 ഞായർ** (X, XI, XII) 2.00 P.M. - 4.00 P.M.
**രണ്ടാം സെമസ്റ്റർ 2026 ഫെബ്രുവരി 22 ഞായർ** (I-IX) 10.30 A.M. - 12.30 P.M.

### 2. ചോദ്യരീതി

ഓരോ ക്ലാസിലും കുട്ടികൾ പഠിക്കേണ്ട ഭാഗങ്ങൾ സിലബസ്സിൽ നൽകിയിട്ടുണ്ട്. സിലബസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത് - പാഠഭാഗം, നമസ്കാരങ്ങൾ, പൊതുവിജ്ഞാനം, ബൈബിൾ, ഉപപാഠം എന്നതാണല്ലോ. ഓരോ ക്ലാസിലേക്കും പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്നതെല്ലാം തുല്യ പ്രാധാന്യത്തോടെ കുട്ടികളെ പഠിപ്പിക്കണം. അതുകൊണ്ട് തന്നെ എത്ര ശതമാനത്തിന്റെ ചോദ്യങ്ങൾ ഒരോ ഭാഗത്തുനിന്നും ഉണ്ടാകും എന്ന് കണക്കാക്കിയല്ല പഠിപ്പിക്കേണ്ടത്. ചോദ്യങ്ങളുടെ ശതമാനകണക്ക് ഇവിടെ ചേർക്കുന്നില്ലായെന്ന കാര്യം ശ്രദ്ധിക്കുമല്ലോ. അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കുന്നതിന്റെ ലക്ഷ്യം സ്കോളർഷിപ്പോ, സ്വന്തം ക്ലാസിലോ, യൂണിറ്റിലോ നൂറു ശതമാനം വിജയമോ അല്ല. **ക്രിസ്തുവിന്റെ മനോ**

**ഭാവങ്ങൾ സ്വായത്തമാക്കി കൂടുതൽ ക്രൈസ്തവമായി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക, ക്രിസ്തീയ വിശ്വാസത്തിൽ ആഴപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പ്രഥമമായി നമ്മുടെ മനസ്സിൽ ഉണ്ടാകേണ്ടത്.** കുട്ടികളുടെ ജീവിതവുമായി ബന്ധപ്പെടുത്തി ഓരോ പാഠഭാഗത്തെയും, ബൈബിൾ വചനങ്ങളെയും വ്യാഖ്യാനിക്കാനുള്ള കഴിവാണ് അദ്ധ്യാപകർ ആർജ്ജിച്ചിടുക്കേണ്ടത്.

### 3. മാർക്ക് വിഭജനം

**ഒന്നാം ക്ലാസ് മുതൽ മൂന്നാം ക്ലാസ് വരെ (35 + 15 = 50)**

**A.** ചിത്രത്തിന്റെ സഹായത്തോടെ ഉത്തരം പറയുക (1 x 10=10)
**B.** ശരിയോ തെറ്റോ എന്ന് പറയുക (1 x 5=5)
**C.** നല്ലതോ ചീത്തയോ എന്ന് പറയുക (1 x 5=5)
**D.** പേരുകൾ പറയുക (1 x 5=5)
**E.** പൂരിപ്പിക്കുക (5 x 1=5)
**F.** നമസ്കാരങ്ങൾ (5 x 1=5)

ഇന്റേണൽ അസസ്സ്മെന്റ് (അദ്ധ്യാപകർ 10-ൽ + മാതാപിതാക്കൾ 5-ൽ)
(പേജ് 35-ഉം ഇന്റേണൽ അസസ്സ്മെന്റ് ടേബിളിന് പേജ് 48-ഉം കാണുക)

**നാലാം ക്ലാസ് മുതൽ ആറാം ക്ലാസ് വരെ (35 + 15 = 50)**

**A.** ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും തെരഞ്ഞെടുത്തെഴുതുക (1 x 10=10) (പത്തിൽ രണ്ട് ചോദ്യം ഉപപാഠപുസ്തകത്തിൽ നിന്ന്)
**B.** തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക (3 x 2=6)
**C.** യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക (1 x 5=5)
**D.** നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ (1 x 4=4)
**E.** ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക (1 x 5=5)
**F.** ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (ഉപപാഠപുസ്തകത്തിൽ നിന്ന്)

ഇന്റേണൽ അസസ്സ്മെന്റ് (അദ്ധ്യാപകർ 10-ൽ + മാതാപിതാക്കൾ 5-ൽ)
(പേജ് 35-ഉം ഇന്റേണൽ അസസ്സ്മെന്റ് ടേബിളിന് പേജ് 48-ഉം കാണുക)

**ഏഴാം ക്ലാസ് മുതൽ ഒൻപതാം ക്ലാസ് വരെ (35 + 15 = 50)**

**A.** ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും തെരഞ്ഞെടുത്തെഴുതുക (1 x 10=10)(പത്തിൽ രണ്ട് ചോദ്യം ഉപപാഠപുസ്തകത്തിൽ നിന്ന്)
**B.** ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (1 x 5=5)
**C.** രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (2 x 3=6)
**D.** നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ (1 x 4=4)
**F.** ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (ഒരു ചോദ്യം പാഠഭാഗത്തെ ആസ്പദമാക്കിയിട്ടുള്ളതാണ്. ചോദ്യത്തിനനുസരിച്ച് അതതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ഉപ

ന്യാസം തയ്യാറാക്കുക. രണ്ടാമത്തെ ചോദ്യം ഉപപാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക.) (5 x 2=10)

ഇന്റേണൽ അസസ്സ്മെന്റ് (അദ്ധ്യാപകർ 10-ൽ + മാതാപിതാക്കൾ 5-ൽ) (പേജ് 35-ഉം ഇന്റേണൽ അസസ്സ്മെന്റ് ടേബിളിന് പേജ് 48-ഉം കാണുക)

**പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ് (40 + 10 = 50)**

**A.** ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും തെരഞ്ഞെടുത്തെഴുതുക (1 x 10=10)

**B.** ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (1 x 7=7)

**C.** രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക (3 x 3=9)

**D.** നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ (1 x 4=4)

**F.** ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (ഒരു ചോദ്യം പാഠഭാഗത്തെ ആസ്പദമാക്കിയിട്ടുള്ളതാണ്. ചോദ്യത്തിനനുസരിച്ച് അതതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക. രണ്ടാമത്തെ ചോദ്യം ആനുകാലികമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ഉപന്യാസം തയ്യാറാക്കുക.) (5 x 2=10)

ഇന്റേണൽ അസസ്സ്മെന്റ് (അദ്ധ്യാപകർ 5-ൽ + മാതാപിതാക്കൾ 5-ൽ) (പേജ് 39-ഉം ഇന്റേണൽ അസസ്സ്മെന്റ് ടേബിളിന് പേജ് 48-ഉം കാണുക)

എഴുത്തു പരീക്ഷയ്ക്ക് 35% (STD IV-IX- 12/35, STD X,XI,XII- 14/40) മാർക്കും ഇന്റേണൽ അസസ്സ്മെന്റ് 40% (STD IV-IX- 6/15, STD X,XI,XII- 4/10) മാർക്കും ലഭിച്ചാലേ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടാകുകയുള്ളൂ.

# II. പാഠ്യക്രമം വിശദീകരണം- ക്ലാസടിസ്ഥാനത്തിൽ

## A. 1,2,3 ക്ലാസുകൾ

ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ **ദൈവം സ്നേഹമാണെന്ന** ആശയം കൊടുക്കുവാനും ദൈവം നമ്മോടുകൂടെയുണ്ട് എന്ന അവബോധം ജനിപ്പിക്കാനും ശ്രമിക്കുക. നിശബ്ദതയിൽ കുട്ടികളെ ഇരുത്തി പ്രാർത്ഥിക്കാൻ പരിശീലിപ്പിക്കുക. കുട്ടികൾക്ക് ഇഷ്ടമുള്ള ഈശോയുടെ ചിത്രങ്ങൾ കൊണ്ടുവരുവാൻ നിർദ്ദേശിക്കുക. എന്തുകൊണ്ട് ആ ചിത്രം ഇഷ്ടപ്പെട്ടു, ഈശോയെക്കുറിച്ച് വീട്ടിൽ എന്താണ് പറഞ്ഞു തന്നിരിക്കുന്നത് തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ച് **ഈശോ സ്നേഹമാണെന്ന അവബോധം** ആരംഭത്തിൽ തന്നെ കുട്ടികൾക്ക് കൊടുക്കുക. ചില പാഠഭാഗങ്ങൾ ഈ വർഷം പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ പാഠഭാഗങ്ങൾ ക്ലാസുകളിൽ പഠിപ്പിക്കാവുന്നതാണ്.

## 1. സിലബസ്

| ക്ലാസ് | സെമസ്റ്റർ | പാഠഭാഗം | ബൈബിൾ | നമസ്കാരം |
|---|---|---|---|---|
| I | 1 | 1–7 (8 optional) | ഓരോ ഞായറാഴ്ചയും നൽകുന്ന വചനങ്ങൾ | 1, 2, 3 |
| | 2 | 9–14 (15 optional) | | 1.1, 4, 25 |
| II | 1 | 1–7 (8 optional) | | 1, 2, 3, 4 |
| | 2 | 9, 11–15 (10 optional) | | 1.1, 3, 4, 25 |
| III | 1 | 1–3, 5–8 (4 optional) | | 1, 2, 3, 4 |
| | 2 | 9–14 (15 optional) | | 1.1, 7, 25, 30 |

## 2. പ്രമോഷൻ

ഒന്നു മുതൽ മൂന്നുവരെയുള്ള ക്ലാസിലെ കുട്ടികൾക്ക് വാചിക പരീക്ഷയാണ്. പഠിപ്പിക്കുന്ന അദ്ധ്യാപിക/അദ്ധ്യാപകൻ അതിരൂപതാ കേന്ദ്രത്തിൽ നിന്നും നൽകുന്ന മാതൃക അനുസരിച്ച് ചോദ്യങ്ങൾ തയ്യാറാക്കി വികാരിയച്ചനെയോ, അച്ചൻ നിശ്ചയിക്കുന്ന വ്യക്തിയെയോ കാണിച്ച് അംഗീകാരം വാങ്ങി പരീക്ഷ നടത്താവുന്നതാണ്. മറ്റു ക്ലാസുകളിലെ പരീക്ഷയ്ക്ക് ഒരാഴ്ച്ച മുൻപ് ഒന്നു മുതൽ മൂന്നുവരെയുള്ള ക്ലാസിലെ കുട്ടികൾക്ക് പരീക്ഷ നടത്തുന്നതിനും തടസ്സമില്ല. ഈ ക്ലാസുകളിലെ പരീക്ഷയ്ക്ക് അമിത പ്രാധാന്യം നൽകരുത്.

## 3. ഓൺലൈൻ

ഒന്നാം ക്ലാസിലേക്കുള്ള കുട്ടികളുടെ ഓൺലൈൻ (കാറ്റികോർപ്) രജിസ്ട്രേഷൻ **2025 ജൂൺ 29** ഞായറാഴ്ച്ചയോടെ പൂർണ്ണമാക്കിയിരിക്കണം.

# B. 4,5,6,7,8,9 ക്ലാസുകൾ

## 1. പ്രമോഷൻ

| | |
|---|---|
| പരീക്ഷ ഒന്നാം സെമസ്ററർ | 35% എങ്കിലും (12/35) |
| പരീക്ഷ രണ്ടാം സെമസ്ററർ | 35% എങ്കിലും (12/35) |
| ഹാജർ | 80% എങ്കിലും |
| ഇന്റേണൽ അസസ്സ്മെന്റ് | 40% എങ്കിലും (6/15) |
| ഇന്റൻസീവ് ബൈബിൾ കോഴ്സ് | 35% എങ്കിലും |

## 2. സിലബസ്

### 4,5,6, ക്ലാസുകൾ

| ക്ലാസ് | സെമസ്റ്റർ | പാഠഭാഗം | ഉപപാഠം | ബൈബിൾ | നമസ്കാരം | പൊതു വിജ്ഞാനം |
|---|---|---|---|---|---|---|
| IV | 1 | 1–7 (8 optional) | 1–3 | ഓരോ ഞായറാഴ്ചയും നൽകുന്ന വചനങ്ങൾ | 5, 7, 9, 19 | സത്യദീപം, വിശ്വാസപരിശീലനവർഷ ആപ്ത വാക്യം, ലോഗോയുടെ വിശദീകരണം |
| | 2 | 9–13,15 (14 optional) | 4,5 | | 8, 10, 11, 23 | |
| V | 1 | 1–6, 8 (7 optional) | 1–5 | | 6, 12, 33 ഭക്ഷണത്തിന് മുമ്പുള്ള ജപം | |
| | 2 | 9, 11–15 (10 optional) | 6–10 | | 6, 13, 17 ഭക്ഷണത്തിന് ശേഷമുള്ള ജപം | |
| VI | 1 | 1–8 | 1–5 | | 6, 7, 17, 20 സന്തോഷത്തിന്റെ ദിവ്യരഹസ്യങ്ങൾ | |
| | 2 | 9–14 (15 optional) | 6–10 | | 16, 17, 20, 24 സന്തോഷത്തിന്റെ ദിവ്യരഹസ്യങ്ങൾ | |

## 7,8,9 ക്ലാസുകൾ

| ക്ലാസ് | സെമസ്റ്റർ | പാഠഭാഗം | ഉപപാഠം | ബൈബിൾ | നമസ്കാരം | പൊതു വിജ്ഞാനം |
|---|---|---|---|---|---|---|
| VII | 1 | 1–8 | 1–4 | ഓരോ ഞായറാഴ്ചയും നൽകുന്ന വചനങ്ങൾ | 9, 10, 17, 22 പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ | സത്യദീപം, വിശ്വാസപരിശീലനവർഷ ആപ്ത വാക്യം, ലോഗോയുടെ വിശദീകരണം |
| | 2 | 9–14 (15 optional) | 5–8 | | 18 A (ശാരീരികങ്ങൾ), 20, 24, 30, പ്രകാശത്തിന്റെ ദിവ്യരഹസ്യങ്ങൾ | |
| VIII | 1 | 1–8 | 1–3 | | 23, 26, 27, 28 ദുഃഖകരമായ ദിവ്യരഹസ്യങ്ങൾ | |
| | 2 | 9–14 (15 optional) | 4–6 | | 16, 18 B (ആദ്ധ്യാത്മികങ്ങൾ), 19, 29 ദുഃഖകരമായ ദിവ്യരഹസ്യങ്ങൾ | |
| IX | 1 | 1–8 | 1–5 | | 17, 21, 31, 32 മഹിമയ്ക്കടുത്ത ദിവ്യരഹസ്യങ്ങൾ | |
| | 2 | 9–14 (15 optional) | 6–9 | | 20, 22, 26, 27 മഹിമയ്ക്കടുത്ത ദിവ്യരഹസ്യങ്ങൾ | |

### i. പരീക്ഷ

35 മാർക്കിനുള്ള ചോദ്യങ്ങളേ ഉണ്ടാകൂ. 35-ൽ 12 മാർക്ക് (35%) കിട്ടിയാലെ കുട്ടി ജയിച്ചതായി കണക്കാക്കാവൂ. 12 മാർക്ക് കണക്കാക്കേണ്ടത് ഇന്റേണൽ അസസ്സ്മെന്റ് കൂടി ഉൾപ്പെടുത്തിയാകരുത്. എല്ലാ ക്ലാസിലും പഠനവൈകല്യമുള്ള കുട്ടികൾ ഉണ്ടാകാം. അവരുടെ കാര്യം പ്രത്യേകം പരിഗണിക്കുകയും വേണം. സ്കൂളുകളിൽ പുലർത്തുന്ന നിലവാരം അന്വേഷിച്ചാൽ ഓരോ കുട്ടിയുടെയും പഠനനിലവാരം മനസ്സിലാക്കാനാവുമല്ലോ. സെമസ്റ്റർ പരീക്ഷയ്ക്ക് ജയിക്കാനുള്ള മാർക്ക് കിട്ടിയില്ലെങ്കിൽ പുനഃപരീക്ഷ നടത്തി (വികാരിയച്ചന്റെ അനുവാദത്തോടെ വാചിക പരീക്ഷയുമാകാം) ജയിപ്പിക്കുകയെന്നതാണ് ഉത്തമം. തോറ്റ കുട്ടികളുടെ ലിസ്റ്റ് പരസ്യമായി നോട്ടീസ് ബോർഡിൽ ഇടാതിരിക്കുക.

**പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ:** കുട്ടികളുടെ ഓൺലൈനിലുള്ള Strength List അനുസരിച്ചായിരിക്കും ചോദ്യപേപ്പറുകളും മറ്റും ഇടവകയിലേക്കയയ്ക്കുന്നത്.

### ii. ഹാജർ

**80% ഹാജർ നിർബന്ധമായും എല്ലാ കുട്ടികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.** വിശ്വാസപരിശീലനം വി. കുർബാനയോടുകൂടിയാണല്ലോ ആരംഭിക്കുന്നത്. വി. കുർബാനയിലും ക്ലാസുകളിലും പങ്കെടുക്കുന്ന കുട്ടികൾക്കേ അന്നേ ദിവസത്തെ ഹാജർ പൂർണ്ണമായും നൽകേണ്ടതുള്ളൂ. ഏതെങ്കിലും കാരണങ്ങളാൽ 80% ഹാജർ ഇല്ലാതെ പോകുന്ന കുട്ടികളെ തോല്പിക്കുന്നതിനുപകരമായി പ്രത്യേക ക്ലാസുകളിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയോ, വ്യത്യസ്തമായ പരീക്ഷാരീതികൾ അവലംബിക്കുകയോ ചെയ്യുന്നതായിരിക്കും ഉചിതം. തോല്പിക്കുകയെന്നത് ഒരു പൊതുനയമായി സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വേണ്ട തീരുമാനമെടുക്കുമല്ലോ. പരീക്ഷയിൽ ജയിക്കുന്ന കുട്ടികളുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടത്, തോറ്റവരെ വ്യക്തിപരമായി അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### iii. ഇന്റേണൽ അസസ്സ്മെന്റ് (5+10=15)

**ഇന്റേണൽ അസസ്സ്മെന്റിന് 15 മാർക്കാണ് ആകെയുള്ളത്. അതിൽ മാതാപിതാക്കൾ 5-ലും അദ്ധ്യാപകർ 10-ലും മാർക്ക് നൽകണം.** അദ്ധ്യാപകന്റെ/മാതാപിതാക്കളുടെ വിലയിരുത്തലിന് പൊതുവായ ചില മാനദണ്ഡങ്ങളാണ് നൽകിയിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം അദ്ധ്യാപകൻ/അദ്ധ്യാപിക കാണിക്കുന്ന ശ്രദ്ധയും കുട്ടിയെക്കുറിച്ചുള്ള കരുതലുമാണ്. **കുട്ടികളോടൊപ്പം അനുയാത്ര ചെയ്യുന്ന അദ്ധ്യാപകർ തന്റെ ക്രിസ്തീയ മനഃസാക്ഷിയോടു പര്യാലോചിച്ചും ആത്മാർത്ഥതയോടെയും വേണം ഈ വിലയിരുത്തൽ നടത്തേണ്ടത്.** ബഹു. വികാരിയച്ചന്റെ അഭിപ്രായവും കേൾക്കുന്നത് വളരെ നല്ലതാണ്.

കുട്ടികളിൽ കണ്ട നല്ല കാര്യങ്ങൾ പറയുകയും തിരുത്തേണ്ട കാര്യങ്ങൾ സ്നേഹപൂർവ്വം അവരെ പറഞ്ഞു മനസ്സിലാക്കുകയും വേണം. ഓരോ സെമസ്റ്ററിന്റെയും അവസാനം മാതാപിതാക്കൾക്ക് മാർക്കിടാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അദ്ധ്യാപകർ എഴുതി ഒരു സ്ലിപ്പ് മാതാപിതാക്കൾക്ക് കൊടുക്കണം (പേജ് 48 കാണുക).

**മാതാപിതാക്കൾ**

വീട്ടിലെ പെരുമാറ്റം, കുടുംബപ്രാർത്ഥനയിലുള്ള ഭാഗഭാഗിത്വം, സേവനമനോഭാവം, പരസ്നേഹപ്രവർത്തനങ്ങൾ, സാമൂഹ്യപ്രതിബദ്ധത - **മാർക്ക് 5**. കുട്ടികളുടെ ക്രിസ്തീയ വിശ്വാസവളർച്ചയിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് മനസിലാക്കി സത്യസന്ധമായി മാർക്ക് നൽകണം. മാതാപിതാക്കൾ കുട്ടികൾക്ക് നൽകുന്ന മാർക്ക് കൃത്യമായി രേഖപ്പെടുത്തി ഒപ്പിട്ട് അദ്ധ്യാപകർക്ക് നൽകണം.

**അദ്ധ്യാപകർ**

ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമുള്ള വിശുദ്ധ കുർബാനയിലെ പങ്കാളിത്തം, ക്ലാസിലെ ഭാഗഭാഗിത്വം, ഹാജർ, സ്വഭാവസവിശേഷതകൾ, സേവനമനോഭാവം, പരസ്നേഹപ്രവർത്തനങ്ങൾ, സാമൂഹ്യപ്രതിബദ്ധത - **മാർക്ക് 5**.

അദ്ധ്യാപകൻ നൽകുന്ന ഹോം വർക്ക്, പാഠ്യക്രമത്തിലുള്ള നമസ്കാരങ്ങൾ കൂടാതെ കുട്ടികൾ അറിഞ്ഞിരിക്കേണ്ട നമസ്കാരങ്ങളും കുർബാനയിലെയും മറ്റു പ്രാർത്ഥനകളും കുട്ടികൾ മനസിലാക്കുന്നുണ്ടോ, പഠിക്കുന്നുണ്ടോ എന്ന് വിലയിരുത്തി - **മാർക്ക് 5**.

അദ്ധ്യാപകരുടെ വലിയ ഉത്തരവാദിത്വത്തെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഓരോ കുട്ടിയെയും കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ-നന്മയായതും മാറ്റേണ്ടതും - കുറിച്ചുവയ്ക്കുന്നത് നല്ലതാണ്. കുട്ടികളിൽ ക്രിസ്തീയ സ്വഭാവരൂപീകരണം സാധ്യമാവുക എന്നതിനാണ് പ്രാധാന്യം കൊടുക്കേണ്ടത്. നമ്മുടെ ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ സമയാസമയങ്ങളിൽ കുട്ടികളെ തിരുത്താനും ഉപദേശിക്കാനും പ്രോത്സാഹിപ്പിക്കാനും സമയം കണ്ടെത്തണം. കുട്ടികളുടെ മാതാപിതാക്കളുമായി നല്ല ബന്ധം ഉണ്ടാകുകയും കുട്ടികളുടെ സ്വഭാവരൂപീകരണത്തെപ്പറ്റി അവരുമായി സംസാരിക്കുകയും ചെയ്യണം. മാതാപിതാക്കൾ എത്രമാത്രം ശ്രദ്ധിക്കുന്നോ അത്രമാത്രം കുട്ടികൾ നല്ലവരാകും.

ഒരുപക്ഷേ നിങ്ങളേക്കാൾ കൂടുതലായി കുട്ടിയെ അറിയാവുന്നവരായിരിക്കും ബഹു. അച്ചന്മാർ. അവരുമായി ചർച്ചചെയ്ത ശേഷം മാത്രം ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് തീരുമാനിക്കുന്നതാകും അഭികാമ്യം.

## iv. ഇന്റൻസീവ് ബൈബിൾ കോഴ്സ് (IBC)

ഇന്റൻസീവ് ബൈബിൾ കോഴ്സിൽ എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുത്തിരിക്കണം. പ്രമോഷനുള്ള ഒരു മാനദണ്ഡമാണിത്. അതിരൂപതാതലത്തിൽ ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾക്കുവേണ്ടി

പുസ്തകങ്ങൾ തയ്യാറാക്കി നൽകുന്നുണ്ട്. ഇതുപയോഗിച്ചായിരിക്കണം ഇടവകകളിൽ കോഴ്സ് നടത്തുവാൻ. വർക്ക് ബുക്ക് എന്ന രീതിയിൽ ക്രമീകരിക്കുന്ന ഈ പുസ്തകം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുകയും വേണം. **അതിരൂപത നിർദ്ദേശിക്കുന്ന പാഠ്യരീതിക്ക് പുറമേ നടത്തുന്ന ക്യാമ്പുകൾ, ധ്യാനങ്ങൾ എന്നിവ ഇന്റൻസീവ് ബൈബിൾ കോഴ്സായി പരിഗണിക്കുന്നതല്ല.** ഓരോ ഇടവകയിലും ഇന്റൻസീവ് ബൈബിൾ കോഴ്സിനുശേഷം കുട്ടികളുടെ അടുത്തു നിന്നും റിവ്യൂ എഴുതി വാങ്ങുക. അവർക്ക് ഈ ദിവസങ്ങളിൽ ലഭിച്ച ഉൾക്കാഴ്ച്ചകൾ, ഹൃദയത്തിൽ പതിഞ്ഞ ആശയങ്ങൾ തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാകണം എഴുതേണ്ടത്. അവർക്ക് ലഭിച്ച ഉൾക്കാഴ്ച്ചകൾ കവിതയായോ, ചെറുകഥയായോ, ലേഖനമായോ, പ്രസംഗമായോ എഴുതി കൊണ്ടുവരാൻ ആവശ്യപ്പെടുക. പൊതുവായി ക്ലാസിലോ സമ്മേളനത്തിലോ അവതരിപ്പിക്കാൻ അവസരം കൊടുത്താൽ അത് വളരെ പ്രോത്സാഹജനകമായിരിക്കും. കുട്ടിളുടെ പങ്കാളിത്തവും അവർ തരുന്ന അവലോകനവും വിലയിരുത്തി മാർക്കിടാവുന്നതാണ് (പേജ് 57 കാണുക).

### 3. A+ Grade & സ്കോളർഷിപ്പ്

4 മുതൽ 9 വരെയുള്ള ക്ലാസുകളിൽ രണ്ടു സെമസ്റ്റർ പരീക്ഷകളിലും 80%വും അതിന് മുകളിലും മാർക്ക് ലഭിക്കുന്ന കുട്ടികളുടെ പേപ്പറുകൾ ഫൊറോനതലത്തിലും അതിരൂപതാതലത്തിലും പുനഃപരിശോധന നടത്തി രണ്ടു സെമസ്റ്ററിലും 90%വും അതിന് മുകളിലും മാർക്ക് ലഭിക്കുന്നവർക്ക് A+ grade ഉം 80%ത്തിനും 90%ത്തിനും ഇടയിൽ മാർക്ക് ലഭിക്കുന്നവർക്ക് A grade സർട്ടിഫിക്കറ്റുകളും അതിരൂപതയിൽ നിന്ന് നൽകുന്നതാണ്.

സെമസ്റ്റർ പരീക്ഷകളെ ഗൗരവപൂർവ്വം കാണേണ്ടതാണ്. **ഓരോ സെമസ്റ്ററിലും 90%വും അതിന് മുകളിൽ മാർക്കും 90%വും അതിന് മുകളിൽ ഹാജരും ഉണ്ടായാൽ മാത്രമേ അവരെ സ്കോളർഷിപ്പിന് പരിഗണിക്കുകയുള്ളൂ.** കുട്ടികൾ പഠിച്ച് പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് വാങ്ങുക എന്നതുപോലെ പ്രധാനപ്പെട്ടതാണ് ക്ലാസിലെ പങ്കാളിത്തം. അതിനാലാണ് സ്കോളർഷിപ്പിന് ഹാജരും പരിഗണിക്കുന്നത്. സ്കോളർഷിപ്പിനായി നൽകുന്ന കുട്ടികളുടെ മാർക്ക് ലിസ്റ്റിൽ ഹാജരും രേഖപ്പെടുത്തണം. സെമസ്റ്റർ പരീക്ഷകളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും, പിഴവുകളൊന്നും കൂടാതെ സുതാര്യമാക്കാനും അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പുനർമൂല്യനിർണ്ണയം നടത്തുമ്പോൾ 80%ൽ താഴെ മാർക്ക് ലഭിച്ചാൽ ആ പേപ്പറുകൾ പരിഗണിക്കുന്നതല്ല. ആദ്യത്തെ സെമസ്റ്റർ പരീക്ഷയിൽത്തന്നെ പുനർമൂല്യനിർണ്ണയത്തിൽ 80%ത്തിൽ കുറവ് മാർക്ക് ലഭിച്ച കുട്ടികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ 80% മാർക്ക് ലഭിച്ചാലും പരിഗണിക്കുന്നതല്ല. രണ്ട് സെമസ്റ്ററിലും 80%മോ അതിൽ കൂടുതലോ മാർക്ക് വേണമെന്നതാണ് നിബന്ധന. A+ലേക്ക് എത്തുന്ന പേപ്പറുകളുടെ

വിലയിരുത്തലുകൾ ഏറ്റവും കൃത്യതയോടെയായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. ഇടവകകളിൽ നിന്നും നൽകുന്ന പേപ്പറുകൾ പുനർമൂല്യനിർണ്ണയം നടത്തി കുറവു മാർക്കു ലഭിച്ചാൽ അവരെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.

**പുനർമൂല്യ നിർണ്ണയത്തിൽ പരാതിയുള്ളവർക്ക് വികാരിയച്ചന്റെ കത്തുമായി 15 ദിവസത്തിനുള്ളിൽ** പുനർമൂല്യനിർണ്ണയത്തിന് 100 രൂപ ഫീസ് അടച്ച് അതിരൂപതാകേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിദഗ്ദ്ധസമിതി അത് പരിശോധിച്ച് അന്തിമ തീരുമാനം ഇടവകയെ അറിയിക്കുന്നതാണ്.

2025 **നവംബർ 02**-ന് നടക്കുന്ന ഒന്നാം സെമസ്റ്റർ പരീക്ഷയിൽ 80%ത്തിലധികം മാർക്ക് ലഭിക്കുന്ന കുട്ടികളുടെ (IV-IX, XI) ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും **നവംബർ 09**-നു മുമ്പായി ഫൊറോനാകേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്. **2026 ഫെബ്രുവരി 22**-ന് നടക്കുന്ന രണ്ടാം സെമസ്റ്റർ പരീക്ഷയിൽ 80%ത്തിലധികം മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകളും മാർക്ക് ലിസ്റ്റും **2026 മാർച്ച് 08**-നു മുമ്പായി ഫൊറോനാകേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

### 4. പ്രത്യേക പരിപാടി

## i. Enlight

☞ എട്ടാം ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഫൊറോനാതലത്തിൽ നടത്തുന്ന ഏകദിന ശില്പശാല.

To enlighten and empower children in Christian values and sexual knowledge (പേജ് 51 കാണുക).

## C. ക്ലാസ് 10 (സർട്ടിഫിക്കറ്റ് പരീക്ഷ)

### 1. സിലബസ്

| ക്ലാസ് | സെമസ്റ്റർ | പാഠഭാഗം | ബൈബിൾ | നമസ്കാരം | പൊതുവിജ്ഞാനം |
|---|---|---|---|---|---|
| X | I | 1–8 | ഓരോ ഞായറാഴ്ചയും നൽകുന്ന വചനങ്ങൾ | 1. ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്കു വേണ്ടിയുള്ള ജപം<br>2. പരി. ദൈവമാതാവിന്റെ ജപമാല | സത്യദീപം, വിശ്വാസ പരിശീലനവർഷ ആപ്ത വാക്യം, ലോഗോയുടെ വിശദീകരണം |
| | II | 9–14<br>(15 optional) | | 1. ഉയിർപ്പുകാല ത്രികാലജപം (7.3)<br>2. പരി. ദൈവമാതാവിന്റെ ജപമാല | |

**2. പ്രമോഷൻ**

| | |
|---|---|
| പരീക്ഷ ഓരോ സെമസ്റ്ററിലും | 35% എങ്കിലും (14/40) |
| ഹാജർ | 80% എങ്കിലും |
| ഇന്റേണൽ അസസ്സ്മെന്റ് | 40% എങ്കിലും (4/10) |
| ഇന്റൻസീവ് കോഴ്സ് | പങ്കാളിത്തം |

**i. പരീക്ഷ**

ഒന്നാം സെമസ്റ്ററിൽ പഠിക്കേണ്ട അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി ഒന്നാം സെമസ്റ്ററിലും (**2025 നവംബർ 02**) രണ്ടാം സെമസ്റ്ററിൽ പഠിക്കേണ്ട പാഠങ്ങൾ മാത്രം ഉൾപ്പെടുത്തി രണ്ടാം സെമസ്റ്ററിലും (**2026 ജനുവരി 25**) സർട്ടിഫിക്കറ്റ് പരീക്ഷ നടത്തുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികളെ മുൻകൂട്ടി അറിയിക്കുകയും ചെയ്യണം. രണ്ടു സെമസ്റ്ററിലെ പരീക്ഷയ്ക്കും ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40-ൽ 14 മാർക്ക് കിട്ടിയാലെ ജയിച്ചതായി കണക്കാക്കുകയുള്ളു. സർട്ടിഫിക്കറ്റ് കിട്ടുകയുള്ളു. ഇന്റേണൽ അസസ്സ്മെന്റിൽ 10-ൽ 4 മാർക്കും കിട്ടിയിരിക്കണം.

**ii. ഹാജർ**

**80% ഹാജർ നിർബന്ധമായും എല്ലാ കുട്ടികൾക്കും ഉണ്ടായിരിക്കേണ്ടതാണ്.** വിശ്വാസപരിശീലനം വി. കുർബാനയോടുകൂടിയാണല്ലൊ ആരംഭിക്കുന്നത്. വി. കുർബാനയിലും ക്ലാസുകളിലും പങ്കെടുക്കുന്ന കുട്ടികൾക്കേ അന്നേ ദിവസത്തെ ഹാജർ പൂർണ്ണമായും നൽകേണ്ടതുള്ളു. ഹാജർ കുറവുള്ള കുട്ടികൾക്ക് സർട്ടിഫിക്കറ്റ് പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കില്ല എന്ന് മാതാപിതാക്കളെയും കുട്ടികളെയും അധ്യയനവർഷം ആരംഭത്തിൽ തന്നെ അറിയിക്കുമല്ലോ. ഏതെങ്കിലും കാരണങ്ങളാൽ 80% ഹാജർ ഇല്ലാതെപോകുന്ന കുട്ടികളെ അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസിൽ ഇരുത്തുകയോ, പ്രത്യേകം ക്ലാസുകൾ നടത്തുകയോ ചെയ്യുക. ഈ കാര്യത്തിൽ എന്തുചെയ്യണം എന്ന് ബഹു. വികാരി അച്ചന് തീരുമാനിക്കാവുന്നതാണ്. എന്നാൽ കൃത്യമായി ക്ലാസിൽ വന്ന മറ്റു കുട്ടികൾക്ക് ഉതപ്പുണ്ടാവുന്നതാവരുത് തീരുമാനങ്ങൾ. സർട്ടിഫിക്കറ്റ് ലഭിക്കേണ്ട കുട്ടികളുടെ ഹാജർ സംബന്ധമായ പ്രശ്നങ്ങൾ **ജനുവരി 18ന്** മുമ്പായി തീർക്കേണ്ടതാണ്.

**iii. ഇന്റേണൽ അസസ്സ്മെന്റ് (5+5=10)**

**ഇന്റേണൽ അസസ്സ്മെന്റിന് 10 മാർക്കാണ് ആകെയുള്ളത്. അതിൽ മാതാപിതാക്കൾ 5-ലും അദ്ധ്യാപകർ 5-ലും മാർക്ക് നൽകണം.** അദ്ധ്യാപകന്റെ/മാതാപിതാക്കളുടെ വിലയിരുത്തലിന് പൊതുവായ ചില മാനദണ്ഡങ്ങളാണ് നൽകിയിരിക്കുന്നത്. ഇതിൽ ഏറ്റവും

പ്രധാനം അദ്ധ്യാപകൻ/അദ്ധ്യാപിക കാണിക്കുന്ന ശ്രദ്ധയും കുട്ടിയെക്കുറിച്ചുള്ള കരുതലുമാണ്. കുട്ടികളോടൊപ്പം അനുയാത്ര ചെയ്യുന്ന അദ്ധ്യാപകർ തന്റെ ക്രിസ്തീയ മന:സാക്ഷിയോടു പര്യാലോചിച്ചും ആത്മാർത്ഥതയോടെയും വേണം ഈ വിലയിരുത്തൽ നടത്തേണ്ടത്. ബഹു. വികാരിയച്ചന്റെ അഭിപ്രായവും കേൾക്കുന്നത് വളരെ നല്ലതാണ്. കുട്ടികളിൽ കണ്ട നല്ല കാര്യങ്ങൾ പറയുകയും തിരുത്തേണ്ട കാര്യങ്ങൾ സ്നേഹപൂർവ്വം അവരെ പറഞ്ഞു മനസ്സിലാക്കുകയും വേണം. ഓരോ സെമസ്റ്ററിന്റെയും അവസാനം മാതാപിതാക്കൾക്ക് മാർക്കിടാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അദ്ധ്യാപകർ എഴുതി ഒരു സ്ലിപ്പ് മാതാപിതാക്കൾക്ക് കൊടുക്കണം. കുട്ടികൾക്ക് നൽകുന്ന മാർക്ക് കൃത്യമായി രേഖപ്പെടുത്തി മാതാപിതാക്കൾ ഒപ്പിട്ട സ്ലിപ്പ് അദ്ധ്യാപകർ തിരികെ വാങ്ങണം (പേജ് 48 കാണുക).

### 3. ഉത്തരക്കടലാസ് പരിശോധന

പത്താം ക്ലാസിലെയും പന്ത്രണ്ടാം ക്ലാസിലെയും ഉത്തരക്കടലാസ്സുകൾ ഫൊറോനകളിലാണ് മൂല്യനിർണയം നടത്തുന്നത്. **അതത് ക്ലാസിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ നിർബന്ധമായും ഉത്തരക്കടലാസ് പരിശോധനയിൽ പങ്കെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.** അസൗകര്യമുള്ളവർ ഫൊറോനാകേന്ദ്രത്തെ അറിയിക്കുകയും പകരം ഒരാളെ കണ്ടെത്തുകയും വേണം. **2025 നവംബർ 02**-ാം തിയതിയിലെ ഒന്നാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ് **നവംബർ 14**-നകവും 2026 **ജനുവരി 25**-ന് രണ്ടാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞ്, **ഫെബ്രുവരി 04**-നകവും കുട്ടികളുടെ മാർക്ക് ലിസ്റ്റും, 80%ത്തിന് മുകളിൽ മാർക്കുള്ള ഉത്തരക്കടലാസുകളും അതിരൂപതയിൽ എത്തിക്കേണ്ടതുണ്ട്. അതനുസരിച്ച് ഓരോ ഫൊറോനയ്ക്കും ഉത്തരക്കടലാസ് പരിശോധനയ്ക്ക് തീയതികൾ തീരുമാനിക്കാവുന്നതാണ്.

**ഇടവകയിൽനിന്ന് ഫൊറോന കേന്ദ്രത്തിലേക്ക് ഉത്തരക്കടലാസുകൾ കൊടുത്തുവിടുമ്പോൾ ശ്രദ്ധിക്കണ്ടവ**

- എല്ലാ ഉത്തരക്കടലാസ്സുകളിലും രജി. നമ്പർ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- ആബ്സന്റായവരുടെ വിവരം ലിസ്റ്റിൽ ആബ്സന്റ് എന്ന് തന്നെ എഴുതുക.
- IED കുട്ടികളുടെ ഉത്തരക്കടലാസ്, IED സർട്ടിഫിക്കറ്റിന്റെ കോപ്പിയോടൊപ്പം വികാരിയച്ചന്റെ കത്തുംകൂടി പ്രത്യേകം കവറിലാക്കി കൊടുക്കുക. (രണ്ടാം സെമസ്റ്ററിൽ കത്ത് വേണ്ടെങ്കിലും ഉത്തരക്കടലാസിൽ IED എന്ന് രേഖപ്പെടുത്തി പ്രത്യേകം കവറിലാക്കി നൽകുക).

**മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസ്സുകൾ വേർതിരിച്ച് നൽകേണ്ട വിധം:**

1. 80%ത്തിന് മുകളിൽ മാർക്കുള്ള ഉത്തരക്കടലാസുകൾ

2. IED കുട്ടികളുടെ ഉത്തരക്കടലാസുകൾ
3. Complaint കൾ ഉള്ള ഉത്തരക്കടലാസുകൾ

### 4. A+ grade & സ്കോളർഷിപ്പ്

രണ്ടു സെമസ്റ്റർ പരീക്ഷകളിലും 80%വും അതിന് മുകളിലും മാർക്ക് (32/40) ലഭിക്കുന്ന കുട്ടികളുടെ പേപ്പറുകൾ അതിരൂപതാതലത്തിൽ പുനഃപരിശോധന നടത്തി രണ്ട് സെമസ്റ്ററുകളിലും 90%വും അതിന് മുകളിലും മാർക്കും (A+ grade) 90%ൽ കൂടുതൽ ഹാജരും ലഭിക്കുന്നവർക്ക് അതിരൂപതാതലത്തിൽ സ്കോളർഷിപ്പ് നൽകുന്നു. (A+ grade ലഭിച്ച എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല.) പഠിച്ച് പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് വാങ്ങുക എന്നതുപോലെ പ്രധാനപ്പെട്ടതാണ് ക്ലാസിലെ പങ്കാളിത്തം അതിനാലാണ് സ്കോളർഷിപ്പിന് ഹാജരും പരിഗണിക്കുന്നത്.

### 5. ഉത്തരക്കടലാസ് പുനഃപരിശോധന

അതിരൂപത കേന്ദ്രഓഫീസിൽ റിസൾട്ട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുനഃപരിശോധന ആവശ്യമായ ഉത്തരക്കടലാസും വികാരിയച്ചന്റെ കത്തും 100 രൂപ ഫീസും അടയ്ക്കേണ്ടതാണ്. അപേക്ഷയിൽ കുട്ടിയുടെ പേര്, ഇടവക, പഠിക്കുന്ന ക്ലാസ്, രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമാക്കിയിരിക്കണം. പുനഃപരിശോധനയിൽ ലഭിക്കുന്ന മാർക്കായിരിക്കും അവസാന മാർക്കായി പരിഗണിക്കുക.

### 6. സർട്ടിഫിക്കറ്റ് പുന:പരീക്ഷ

X-ാം ക്ലാസ്സിലെ സെമസ്റ്റർ പരീക്ഷകൾ എഴുതാൻ സാധിക്കാത്തവർക്കും എഴുതിയ പരീക്ഷയ്ക്ക് 35% മാർക്ക് ലഭിക്കാത്തവർക്കുമാണ് പുനഃപരീക്ഷ എഴുതുന്നതിന് അവസരം ലഭിക്കുന്നത്. ഹാജർ കുറവോ മറ്റു കാരണങ്ങൾകൊണ്ടോ Incomplete എന്നു കാണുന്നവർ ആണെങ്കിൽ പുനഃപരീക്ഷ എഴുതേണ്ടതില്ല. **2026 ഏപ്രിൽ 19** ഞായറാഴ്ച്ചയായിരിക്കും പുനഃപരീക്ഷ. **വികാരിയച്ചന്റെ കത്തും 50 രൂപ** ഫീസ് അടച്ചും രജിസ്റ്റർ ചെയ്യേണ്ടതാണ്. പരീക്ഷ സെന്ററുകൾ പിന്നീട് അറിയിക്കുന്നതാണ്.

### 7. ഇൻകംപ്ലീറ്റ് സ്റ്റുഡൻസ്

മാർക്കുണ്ടായിരിക്കുകയും ഗ്രേഡ് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും Incomplete എന്നു കാണുന്നത് ഹാജർ 80%ത്തിൽ കുറവുള്ളതിനാലോ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് (4/10) കുറവുള്ളതിനാലോ ആയിരിക്കും. റിസൾട്ട് പൂർണ്ണമാകാത്ത ഈ കുട്ടികൾ പുനഃപരീക്ഷ എഴുതേണ്ടതില്ല. അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസിൽ ഇരുത്തുകയോ, പ്രത്യേക ക്ലാസുകളിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയോ, വ്യത്യസ്തമായ പരീക്ഷാരീതികൾ അവലംബിക്കുകയോ ചെയ്യുന്നതായിരിക്കും ഉചിതം. ബഹു. വികാരി

യച്ചന്റെ നിർദ്ദേശാനുസരണം ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വേണ്ട തീരുമാനമെടുക്കുമല്ലോ. പരീക്ഷയിൽ ജയിക്കുന്ന കുട്ടികളുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടത്, തോറ്റവരെ വ്യക്തിപരമായി അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ. **സർട്ടിഫിക്കറ്റ് ലഭിക്കേണ്ട കുട്ടികളുടെ പ്രശ്നങ്ങൾ 2026 ജനുവരി 18-ന് മുമ്പായി തീർക്കേണ്ടതാണ്.**

**8. ഓൺലൈൻ**

ഒന്നാം സെമസ്റ്ററിലെ 10-ാം ക്ലാസിലെ ഇന്റേണൽ അസ്സസ്മെന്റിന്റെ മാർക്ക് **2025 നവംബർ 09**-നും രണ്ടാം സെമസ്റ്ററിലെ ഇന്റേണൽ അസസ്സ്മെന്റിന്റെ മാർക്കും, ഹാജർ ശതമാനവും **2026 ജനുവരി 18**-നും മുൻപ് ഓൺലൈനിൽ Enter ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യാത്തപക്ഷം റിസൾട്ട് ഇൻകംപ്ലീറ്റ് ആകും.

# D. XI & XII ഡിപ്ലോമ കോഴ്സ്

വിശ്വാസപരിശീലനം പത്താം ക്ലാസ് സർട്ടിഫിക്കറ്റ് പരീക്ഷയിൽ വിജയിച്ചവർക്കായി രണ്ടു വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നു. സർട്ടിഫിക്കറ്റ് പരീക്ഷയിൽ തോറ്റവർക്കും പ്ലസ്സ് വൺ ക്ലാസിൽ സംബന്ധിക്കാവുന്നതാണ്. ഇക്കാര്യം പ്രത്യേകം അതിരൂപതാകേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് പരീക്ഷ എഴുതി വിജയിച്ചതിനു ശേഷം മാത്രമെ ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു.

**1. പ്രമോഷൻ**

| | |
|---|---|
| പരീക്ഷ ഒന്നാം വർഷം<br>(ഓരോ സെമസ്റ്ററിലും) | 35% എങ്കിലും<br>14/40 + 14/40 = 28/80 |
| പരീക്ഷ രണ്ടാം വർഷം<br>(ഓരോ സെമസ്റ്ററിലും) | 35% എങ്കിലും<br>14/40 + 14/40 = 28/80 |
| ഹാജർ (രണ്ട് വർഷവും) | 60% എങ്കിലും |
| എലൈവ് | പങ്കാളിത്തം നിർബന്ധം |
| ഇന്റേണൽ അസസ്സ്മെന്റ്<br>(ഒന്നാം വർഷം) | 40% എങ്കിലും<br>4/10 + 4/10 = 8/20 |
| ഇന്റേണൽ അസസ്സ്മെന്റ<br>(രണ്ടാം വർഷം) | 40% എങ്കിലും<br>4/10 + 4/10 = 8/20 |
| ഔട്ട്റീച്ച് (ഒന്നാം വർഷം) | 25 മാർക്ക് |
| അഡോപ്റ്റ് എ ഫാമിലി (രണ്ടാം വർഷം) | 25 മാർക്ക് |
| **ആകെ** | **250** |

## i. പരീക്ഷ

## <u>ഒന്നാം സെമസ്റ്റർ പരീക്ഷ</u>

**2025 നവംബർ 02 ഞായർ 10.30 am – 12.30 pm**

## <u>രണ്ടാം സെമസ്റ്റർ പരീക്ഷ</u>

**2026 ജനുവരി 25 ഞായർ 2.00 pm – 4.00 pm**

രണ്ടു സെമസ്റ്ററുകളിലായിട്ടാണ് പൊതുപരീക്ഷ നടത്തുന്നത്. ഒന്നാം സെമസ്റ്ററിലെ അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി **നവംബറിലും** രണ്ടാം സെമസ്റ്ററിലെ അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി **ജനുവരി** മാസത്തിലും നടത്തുന്ന പരീക്ഷകളിൽ ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 40 മാർക്കിൽ 14 മാർക്ക് കിട്ടുന്നവരെ മാത്രമെ പരീക്ഷയിൽ വിജയികളായി കണക്കാക്കുകയുള്ളു.

**ഒന്നാം വർഷ ഡിപ്ലോമയുടെ** ഉത്തരക്കടലാസുകൾ അതതു ഇടവകകളിൽ നോക്കി മാർക്കുകൾ അതത് യൂണിറ്റുകളിൽ നിന്നാണ് ഓൺലൈനിൽ രേഖപ്പെടുത്തേണ്ടത്. 40–ൽ 32 മാർക്കും അതിൽ കൂടുതലും ഇന്റേണൽ അസസ്സ്മെന്റിനുള്ള മാർക്ക് കൂടി കൂട്ടുമ്പോൾ 40–ഉം അതിലധികവും മാർക്ക് ലഭിക്കുന്ന ഉത്തരക്കടലാസുകളും ലിസ്റ്റും ഒന്നാം സെമസ്റ്റർ പരീക്ഷ കഴിഞ്ഞും രണ്ടാം സെമസ്റ്ററിൽ പരീക്ഷ കഴിഞ്ഞും ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**രണ്ടാം വർഷ ഡിപ്ലോമയുടെ** ഉത്തരക്കടലാസുകൾ പരീക്ഷ കഴിഞ്ഞ് അന്നുതന്നെ ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്, ഫൊറോനാതലത്തിലാണ് പരിശോധിക്കുന്നത്.

## ii. ഹാജർ

**60% ഹാജർ നിർബന്ധമായും എല്ലാ കുട്ടികൾക്കും ഉണ്ടായി രിക്കേണ്ടതാണ്.** വിശ്വാസപരിശീലനം വി. കുർബാനയോടുകൂടിയാണല്ലൊ ആരംഭിക്കുന്നത്. വി. കുർബാനയിലും ക്ലാസുകളിലും പങ്കെടുക്കുന്ന കുട്ടികൾക്കെ അന്നേ ദിവസത്തെ ഹാജർ പൂർണ്ണമായും നൽകേണ്ടതുള്ളു. ഹാജർ കുറവുള്ള കുട്ടികൾക്ക് പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കില്ല എന്ന് മാതാപിതാക്കളെയും കുട്ടികളെയും അധ്യയനവർഷം ആരംഭത്തിൽ തന്നെ അറിയിക്കുമല്ലൊ. ഏതെങ്കിലും കാരണങ്ങളാൽ 60% ഹാജർ ഇല്ലാതെപോകുന്ന കുട്ടികളെ അവരുടെ ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസിൽ ഇരുത്തുകയോ, പ്രത്യേകം ക്ലാസുകൾ നടത്തുകയോ ചെയ്യുക. ഈ കാര്യത്തിൽ എന്തുചെയ്യണം എന്ന് ബഹു. വികാരി അച്ചന് തീരുമാനിക്കാവുന്നതാണ്. എന്നാൽ കൃത്യമായി ക്ലാസിൽ വന്ന മറ്റു കുട്ടികൾക്ക് ഉതപ്പുണ്ടാവുന്നതാവരുത് തീരുമാനങ്ങൾ. സർട്ടിഫിക്കറ്റ് ലഭിക്കേണ്ട കുട്ടികളുടെ ഹാജർ സംബന്ധമായ പ്രശ്നങ്ങൾ **ജനുവരി 18ന്** മുമ്പായി തീർക്കേണ്ടതാണ്.

### iii. ഇന്റേണൽ അസസ്സ്മെന്റ്

**ഇന്റേണൽ അസസ്സ്മെന്റിന് 10 മാർക്കാണ് ആകെയുള്ളത്. അതിൽ മാതാപിതാക്കൾ 5-ലും അദ്ധ്യാപകർ 5-ലും മാർക്ക് നൽകണം.** അദ്ധ്യാപകന്റെ/മാതാപിതാക്കളുടെ വിലയിരുത്തലിന് പൊതുവായ ചില മാനദണ്ഡങ്ങളാണ് നൽകിയിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം അദ്ധ്യാപകൻ/അദ്ധ്യാപിക കാണിക്കുന്ന ശ്രദ്ധയും കുട്ടിയെക്കുറിച്ചുള്ള കരുതലുമാണ്. കുട്ടികളോടൊപ്പം അനുയാത്ര ചെയ്യുന്ന അദ്ധ്യാപകർ തന്റെ ക്രിസ്തീയ മനനഃസാക്ഷിയോടു പര്യാലോചിച്ചും ആത്മാർത്ഥതയോടെയും വേണം ഈ വിലയിരുത്തൽ നടത്തേണ്ടത്. ബഹു. വികാരിയച്ചന്റെ അഭിപ്രായവും കേൾക്കുന്നത് വളരെ നല്ലതാണ്. കുട്ടികളിൽ കണ്ട നല്ല കാര്യങ്ങൾ പറയുകയും തിരുത്തേണ്ട കാര്യങ്ങൾ സ്നേഹപൂർവ്വം അവരെ പറഞ്ഞു മനസ്സിലാക്കുകയും വേണം. ഓരോ സെമസ്റ്ററിന്റെയും അവസാനം മാതാപിതാക്കൾക്ക് മാർക്കിടാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അദ്ധ്യാപകർ എഴുതി ഒരു സ്ലിപ്പ് മാതാപിതാക്കൾക്ക് കൊടുക്കണം. കുട്ടികൾക്ക് നൽകുന്ന മാർക്ക് കൃത്യമായി രേഖപ്പെടുത്തി മാതാപിതാക്കൾ ഒപ്പിട്ട സ്ലിപ്പ് അദ്ധ്യാപകർ തിരികെ വാങ്ങണം (പേജ് 48 കാണുക).

### iv. സോഷ്യൽ ഔട്ട്റീച്ച് പ്രോഗ്രാം

ഈ പ്രോഗ്രാം പ്ലസ് വൺ ക്ലാസിലെ കുട്ടികൾക്കായാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിന് 25-ലാണ് മാർക്ക് നൽകേണ്ടത്. യൂണിറ്റിൽ നിന്നു പങ്കെടുത്തവരുടെ ലിസ്റ്റും അദ്ധ്യാപകന്റെ വിലയിരുത്തലും (എന്ന്, എവിടെ, എങ്ങനെ സന്ദർശനം നടന്നു) സഹിതം പൊതു റിപ്പോർട്ട് വികാരിയച്ചന്റെ ഒപ്പോടുകൂടി 2026 ജനുവരി 04-ാം തീയതിയ്ക്കകം ഫൊറോനാകേന്ദ്രത്തിൽ നൽകേണ്ടതാണ് (പേജ് 52 കാണുക).

### v. അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം

രണ്ടാം വർഷത്തിൽ കുറച്ചുകൂടി ജീവിതബന്ധിയായി Adopt A family Programme നടത്തുന്നു. ഡിപ്ലോമ രണ്ടാം വർഷ കുട്ടികൾ ഒരു കുടുംബത്തെ അവരുടെ ഇല്ലായ്മയിൽ ആവശ്യം തിരിച്ചറിഞ്ഞ് സഹായിക്കണം. അദ്ധ്യയനവർഷാരംഭം മുതൽ ജനുവരി അവസാന ഞായറാഴ്ച്ചവരെ ഓരോ ആഴ്ചയിലും ആ കുടുംബത്തെ നമ്മുടെ കുട്ടികൾ സഹായിക്കും. പ്രസ്തുത പ്രോഗ്രാമിൽ ഓരോ കുട്ടിയുടെയും പങ്കാളിത്തവും താല്പര്യവും ഓരോ ഘട്ടത്തിലും അദ്ധ്യാപകർ വിലയിരുത്തേണ്ടതാണ്. ഇതിന് 25-ലാണ് മാർക്ക് നൽകേണ്ടത്. ഓരോ ആഴ്ചയിലെയും കുട്ടിയുടെ പങ്കാളിത്തവും താല്പര്യവുമനുസരിച്ച് അദ്ധ്യാപകൻ മാർക്ക് നൽകണം (പേജ് 53,54 കാണുക).

## 2. സിലബസ്

| ക്ലാസ് | സെമസ്റ്റർ | പാഠഭാഗം | ബൈബിൾ | നമസ്കാരം | പൊതു വിജ്ഞാനം |
|---|---|---|---|---|---|
| XI | 1 | 1–7 | ഓരോ ഞായറാഴ്ചയും നൽകുന്ന വചനങ്ങൾ | 1. രാത്രിജപം (ചെറുത്)<br>2. ഈശോയുടെ തിരുഹൃദയ ജപമാല | സത്യദീപം, വിശ്വാസപരിശീലനവർഷ ആപ്ത വാക്യം, ലോഗോയുടെ വിശദീകരണം |
| | 2 | 8–12 | | 1. വി. യൗസേപ്പിതാവിനോടുള്ള ജപം<br>2. ഈശോയുടെ തിരുഹൃദയ ജപമാല | |
| XII | 1 | 1–7 | | 1. ഈശോയുടെ തിരുഹൃദയത്തോടുള്ള കുടുംബപ്രതിഷ്ഠാജപം<br>2. കരുണയുടെ ജപമാല | |
| | 2 | 8–12 | | 1. ഈശോയുടെ തിരുഹൃദയത്തോടുള്ള കുടുംബപ്രതിഷ്ഠാജപം<br>2. കരുണയുടെ ജപമാല | |

### 3. ഉത്തരക്കടലാസ് പരിശോധന

ഫൊറോനാതലത്തിലാണല്ലോ പന്ത്രണ്ടാം ക്ലാസിലെയും ഉത്തര ക്കടലാസ്സുകൾ മൂല്യനിർണയം നടത്തുന്നത്. കൂടുതൽ വിവരങ്ങൾ സർട്ടിഫിക്കറ്റ് പരീക്ഷയിലെ **'ഉത്തരക്കടലാസ് പരിശോധന'**യിൽ നൽകിയിരിക്കുന്നു. (പേജ് 40 കാണുക)

### 4. A+ grade & സ്കോളർഷിപ്പ്

രണ്ട് വർഷം നീണ്ടുനിൽക്കുന്ന കോഴ്സാണ് ഡിപ്ലോമ. ഈ കോഴ്സിന് ആകെ ലഭിക്കുന്ന മാർക്ക് 250 ആണ്. ഇതിൽ 225 മാർക്ക് ലഭിക്കുകയും എല്ലാ സെമസ്റ്റർ പരീക്ഷകൾക്കും (4 സെമസ്റ്ററുകൾ) 80%ത്തിന് മുകളിൽ മാർക്ക് വാങ്ങുകയും ചെയ്യുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്കാണ് A+ grade ലഭിക്കുക. സ്കോളർഷിപ്പിന് പരിഗണിക്കുന്ന കുട്ടികൾക്ക് A+ gradeനോടൊപ്പം 90%ൽ കൂടുതൽ ഹാജറും ഉണ്ടായിരിക്കണം. പഠിച്ച് പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് വാങ്ങുക എന്നതുപോലെ പ്രധാനപ്പെട്ടതാണ് ക്ലാസിലെ പങ്കാളിത്തം. അതിനാലാണ് സ്കോളർഷിപ്പിന് ഹാജറും പരിഗണിക്കുന്നത്.

### 5. ഉത്തരക്കടലാസ് പുനഃപരിശോധന

അതിരൂപത കേന്ദ്രഓഫീസിൽ റിസൾട്ട് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ സർട്ടിഫിക്കറ്റ് പരീക്ഷയിലെ **'ഉത്തരക്കടലാസ് പുനഃപരിശോധന'**യിൽ നൽകിയിരിക്കുന്നു. (പേജ് 41 കാണുക)

### 6. ഡിപ്ലോമ പുന:പരീക്ഷ

XI, XII ക്ലാസ്സുകളിലെ സെമസ്റ്റർ പരീക്ഷകൾ എഴുതാൻ സാധിക്കാത്തവർക്കും എഴുതിയ പരീക്ഷയ്ക്ക് 35% മാർക്ക് ലഭിക്കാത്തവർക്കുമാണ് പുനഃപരീക്ഷ എഴുതുന്നതിന് അവസരം ലഭിക്കുന്നത്. ഹാജർ കുറവോ മറ്റു കാരണങ്ങൾകൊണ്ടോ Incomplete എന്നു കാണുന്നവർ ആണെങ്കിൽ പുനഃപരീക്ഷ എഴുതേണ്ടതില്ല. **XI -ാം ക്ലാസ്സിലെ പുനഃപരീക്ഷകൾ അതാത് ഇടവകകളിൽ ഓരോ സെമസ്റ്ററുകളും കഴിയുമ്പോൾ നടത്താവുന്നതാണ്.** XI-ാം ക്ലാസ്സിലെ ഒന്നാം സെമസ്റ്റർ പുനഃപരീക്ഷയുടെ മാർക്കുകൾ നവംബർ 16-നകവും രണ്ടാം സെമസ്റ്റർ പുനഃപരീക്ഷയുടെ മാർക്കുകൾ ഫെബ്രുവരി 7-നകവും ഇടവകതലത്തിൽ ഓൺലൈനിൽ രേഖപ്പെടുത്തേണ്ടതാണ്. XII-ാം ക്ലാസ്സിലെ പുനഃപരീക്ഷയ്ക്ക് 50 രൂപ ഫീസോടെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 7. ഇൻകംപ്ലീറ്റ് സ്റ്റുഡൻസ്

യൂണിറ്റുകളിൽ റിസൾട്ട് പരിശോധിക്കുമ്പോൾ ഇൻകംപ്ലീറ്റ് ആയി വന്നിരിക്കുന്നത് താഴെ പറയുന്ന ഏതെങ്കിലും കാരണങ്ങളാലാകാം.

- പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ് പരീക്ഷ പാസാകാത്തവരായതുകൊണ്ടാവാം.

- ☐ കോഴ്സിന് 60% ഹാജർ ഇല്ലാത്തതുകൊണ്ടാകാം. ജയിക്കാൻ മാർക്കുണ്ടായിട്ടും ഹാജർ ഇല്ലാത്ത കുട്ടികൾ പുന:പരീക്ഷ എഴുതരുത്. ഹാജറിന്റെ നിലവാരമനുസരിച്ച് വീണ്ടും ക്ലാസിൽ ഇരുത്തുകയോ, പ്രത്യേകം ക്ലാസുകൾ നടത്തുകയോ ചെയ്യുക. സർട്ടിഫിക്കറ്റ് ലഭിക്കേണ്ട കുട്ടികളുടെ ഹാജർ സംബന്ധമായ പ്രശ്നങ്ങൾ **ജനുവരി 18ന്** മുമ്പായി തീർക്കേണ്ടതാണ്.
- ☐ ഒന്നാം വർഷ പരീക്ഷ, രണ്ടാം വർഷ പരീക്ഷ, ഔട്ട് റീച്ച് പ്രോഗ്രാം, അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം എന്നിവയിൽ പങ്കെടുക്കാതിരുന്നാലും റിസൾട്ട് പൂർണ്ണമാവില്ല.

**8. ഓൺലൈനിൽ ചെയ്യേണ്ടത്**

- XI- **2025 നവംബർ 16ന്** മുമ്പ് ഒന്നാം സെമസ്റ്റർ പരീക്ഷയുടെ മാർക്കും (/40), ഇന്റേണൽ അസസ്സ്മെന്റിന്റെ മാർക്കും (/10) ഓൺലൈനിൽ രേഖപ്പെടുത്തണം. **2026 ജനുവരി 18**ന് മുമ്പ് ഇന്റേണൽ മാർക്ക് (/10) ഔട്ട്റീച്ച് പ്രോഗ്രാമിന്റെ മാർക്ക് (/25) ഹാജർ ശതമാനം എന്നിവയും, **2026 ഫെബ്രുവരി 7**ന് **മുമ്പ് രണ്ടാം സെമസ്റ്റർ മാർക്കും** (/40) രേഖപ്പെടുത്തുക.

- XII- **2025 നവംബർ 16ന്** മുമ്പ് ഇന്റേണൽ അസസ്സ്മെന്റിന്റെ മാർക്ക് (/10) രേഖപ്പെടുത്തുക. **2026 ജനുവരി 18**ന് ഇന്റേണൽ മാർക്കും (/10), അഡോപ്റ്റ് എ ഫാമിലിയുടെ മാർക്കും (/25), ഹാജർ ശതമാനവും രേഖപ്പെടുത്തുക. റിസൾട്ട് പ്രസിദ്ധപ്പെടുത്തിയതിനു ശേഷം ഓൺലൈനിൽ രേഖപ്പെടുത്താനായി കൊണ്ടുവരുന്ന **ഇന്റേണൽ, ഔട്ട് റീച്ച്, അഡോപ്റ്റ് എ ഫാമിലി എന്നിവയ്ക്ക് മിനിമം മാർക്ക് മാത്രമേ നൽകുകയുള്ളൂ.**

- XI, XII ക്ലാസ്സുകളിലേക്ക് പുറമെയുള്ള രൂപതകളിൽ നിന്നും വരുന്ന കുട്ടികളുടെ X, XI ക്ലാസുകളിലെ രൂപത, അതിരൂപത, വികാരിയേറ്റ് തലത്തിലുള്ള സർട്ടിഫിക്കറ്റിന്റെ (മാർക്കും, ഹാജരും ഉണ്ടായിരിക്കണം). കോപ്പി അതിരൂപതാകേന്ദ്രത്തിൽ നൽകുകയും ഓൺലൈനിൽ മാർക്കുകൾ രേഖപ്പെടുത്തുകയും ചെയ്താൽ മാത്രമാണ് ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ.

**9. പ്രത്യേക പരിപാടികൾ**

**i. ചുവർ മാസിക**

ഡിപ്ലോമ ഒന്നാം വർഷ ക്ലാസിലെ വിദ്യാർത്ഥികൾ തയ്യാറാക്കേണ്ടതാണിത്. ഒരു പ്രത്യേക ആശയമോ പല ആശയങ്ങളോ വ്യക്തമാകത്തക്ക രീതിയിൽ കലാ-സാഹിത്യ സൃഷ്ടികളുടെ ശേഖരം, കലാപരമായും ആകർഷകമായും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. (പേജ് 53 കാണുക)

**ii. എലൈവ്**

വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന ഡിപ്ലോമ പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന സംഗമം. (പേജ് 55 കാണുക)

## E. ഇന്റേണൽ അസസ്സ്മെന്റ് ടേബിൾ

| **മാതാപിതാക്കൾ** | **(മാർക്ക് 5)** |
|---|---|
| കുടുംബപ്രാർത്ഥനയിലെ പങ്കാളിത്തം | 1 |
| വീട്ടിലെ പെരുമാറ്റവും സ്വഭാവവും | 1 |
| പഠനത്തിലുള്ള താത്പര്യം | 1 |
| വീട്ടുജോലികളിലുള്ള സഹായം | 1 |
| പള്ളിയിൽ പോവാനുള്ള താത്പര്യം | 1 |

| **അദ്ധ്യാപകർ** | Class 1-9 **(മാർക്ക് 10)** | Class 10-12 **(മാർക്ക് 5)** |
|---|---|---|
| അവധി ദിവസങ്ങളിൽ വി. കുർബാന യിലുള്ള പങ്കാളിത്തം | 2 | 1 |
| പള്ളിയിലെയും ക്ലാസ്സിലെയും പെ രുമാറ്റം | 2 | 1 |
| പഠനത്തിലും പ്രാർത്ഥനയിലുമുള്ള താത്പര്യം | 2 | 1 |
| ഭക്തസംഘടനകളിലെ പ്രവർത്തനം | 2 | 1 |
| സേവനമനോഭാവവും സാമൂഹിക പ്ര തിബദ്ധതയും | 2 | 1 |

## F. ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്

എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലനക്ലാസിൽ പോകുവാൻ ആഗ്രഹിച്ചിട്ടും അതിനു നിവൃത്തിയില്ലാത്തവർക്കുവേണ്ടി മാത്രം അതിരൂപതാകേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്. ഒന്നാം വർഷവും രണ്ടാം വർഷവും നാല് ദിവസങ്ങളിലായി രണ്ട് സെഷനുകൾ വീതമുള്ള (ആകെ നാല് സെഷനുകൾ) കോഴ്സായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്.

**1. 2025–2026 റസിഡൻഷ്യൽ കോഴ്സ് തീയതികൾ:**

**2025 ഒക്ടോബർ 01,02 ഒന്നാം വർഷ ഡിപ്ലോമ – I[st] Session**

**2026 മെയ് 02, 03 ഒന്നാം വർഷ ഡിപ്ലോമ – IInd Session**

**2025 ഒക്ടോബർ 19, 20 രണ്ടാം വർഷ ഡിപ്ലോമ – IIIrd Session**

**2026 ഏപ്രിൽ 11, 12 രണ്ടാം വർഷ ഡിപ്ലോമ – IVth Session**

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിന്റെ **IInd & IVth** സെഷനുകളുടെ അവസാന ദിവസമായിരിക്കും വാർഷിക പരീക്ഷ നടക്കുന്നത്.

2025 ആഗസ്റ്റ് 1 മുതൽ 10 വരെ തീയതികളിലാണ് ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിന് പേര് രജിസ്റ്റർ ചെയ്യേണ്ടത്. 2025–2026–ൽ ഒക്ടോബറിലെ സെഷനിൽ പങ്കെടുത്തവർക്കു മാത്രമാണ് ഏപ്രിൽ /മെയ് മാസത്തിലെ സെഷനിൽ പങ്കെടുക്കുവാൻ സാധിക്കുക. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ നിന്നെടുത്ത് പൂരിപ്പിക്കണം.

നാലു സെഷനുകളിലായി കോഴ്സിൽ പങ്കെടുക്കുകയും ഒന്നാം വർഷവും രണ്ടാം വർഷവും നൽകുന്ന അസൈൻമെന്റുകൾ സമർപ്പിക്കുകയും ഒന്നും രണ്ടും വർഷങ്ങളിൽ നടത്തുന്ന പ്രത്യേക പരീക്ഷകളിൽ ഓരോ പരീക്ഷയ്ക്കും ആകെ മാർക്കിന്റെ 35%മോ അതിലധികമോ മാർക്ക് നേടുകയും ചെയ്യുന്നവർക്കാണ് ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളത്. ഓരോ വർഷത്തേക്കും **2500 രൂപ** രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. രജിസ്റ്റർ ചെയ്യുന്ന സമയത്ത് പണം അടച്ച് രസീതു വാങ്ങുക. റസിഡൻഷ്യൽ കോഴ്സിൽ ചേർന്നു കഴിഞ്ഞവർ കോഴ്സ് സംബന്ധമായ എല്ലാ കാര്യങ്ങളിലും അതിരൂപതാ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്. XI–ാം ക്ലാസുകാർ ഇടവകയിൽ നടത്തുന്ന Outreach Programme–നും XII–ാം ക്ലാസുകാർ ഫൊറോനയിൽ നടത്തുന്ന Alive Programme–നും പങ്കെടുക്കണം. ഡിപ്ലോമ കുട്ടികൾക്കായി ഇടവകതലത്തിലും ഫൊറോനാതലത്തിലും നടത്തപ്പെടുന്ന വിവിധ പ്രോഗ്രാമുകളിലും ഞായറാഴ്ച്ചകളിൽ ഇടവകയിലെ വിശുദ്ധ കുർബാനയിലും പങ്കെടുക്കണം. കുട്ടികളുടെ പങ്കാളിത്തം പ്രധാന അധ്യാപകനും ഇടവകയിലെ ഒന്നും രണ്ടും വർഷ ഡിപ്ലോമ അദ്ധ്യാപകരും ഉറപ്പുവരുത്തണം.

### 2. പ്രമോഷൻ

| ഒന്നാം വർഷം | രണ്ടാം വർഷം |
|---|---|
| പരീക്ഷ 35% എങ്കിലും | പരീക്ഷ35% എങ്കിലും |
| ഹാജർ (2 സെഷനുകൾ) 100% | ഹാജർ (2 സെഷനുകൾ) 100% |
| അസൈൻമെന്റ് 35% | അസൈൻമെന്റ് 35% |
| ഔട്ട് റീച്ച് (പങ്കാളിത്തം) | എലൈവ് (പങ്കാളിത്തം) |